**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3528** **27-06-2024 - ൽ മറുപടിയ്ക്ക്**

**വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെയും ജൈവ കാർഷിക മിഷന്റെയും പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെയും ജൈവ കാർഷിക മിഷന്റെയും പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | **കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ഉദ്ദേശങ്ങളോടെയാണ് മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന നിർമ്മാണ പ്രക്രിയകൾ, വിപണനം/ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർദ്ധിത കാർഷിക മിഷൻ പ്രാമുഖ്യം നൽകുന്നത് .**<br><br>**ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ബഹു.കൃഷി വകുപ്പ് മന്ത്രിയും, എട്ട് മന്ത്രിമാർ അംഗങ്ങളായും രൂപീകരിച്ച മൂല്യവർദ്ധിത കാർഷിക മിഷന്റെ ഭാഗമായി സംസ്ഥാനത്ത് മൂല്യവർദ്ധിത മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഫാം പ്ലാൻ പ്രകാരമുള്ള കൃഷിക്കൂട്ടങ്ങളെയും, മൂല്യവർദ്ധിത മേഖലയിലെ കൃഷിക്കൂട്ടങ്ങളെയും ഉപയോഗിച്ച് Farmers Producers Organizations (FPO) ഉം, Farmers Producers Company (FPC) കളും രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.**<br><br>**വിവിധ തലത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഏകോപനം, ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനങ്ങൾ തയ്യാറാക്കൽ, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.** |

| | | | |
|---|---|---|---|
| | | | ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കർഷകർ, കൃഷിക്കൂട്ടങ്ങൾ, ജൈവകർഷക സ്വയം സഹായ സംഘങ്ങൾ/ കർഷക ഉല്പാദന സംഘടനകൾ, എന്നിവരിലൂടെ മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. കർഷകർക്ക് ജൈവ കാർഷിക മുറകളെ പരിചയപ്പെടുത്തുന്നതിനുള്ള മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, ഓരോ പാരിസ്ഥിതിക മേഖലക്കും അനുയോജ്യമായ ജൈവ കാർഷിക മുറകൾ കണ്ടെത്തി കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവ കൃഷി ചെയ്യുന്നതിനുള്ള സഹായം ചെയ്യുക, സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി തൃശ്ശൂർ, സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിംങ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ക്വാളിറ്റി കൺട്രോൾ ലാബ് പട്ടാമ്പി, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷൻ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുക, വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഇക്കോഷോപ്പുകളും ജൈവ സൂപ്പർ മാർക്കറ്റുകളും സ്ഥാപിക്കുക, ജൈവ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ സർട്ടിഫിക്കേഷൻ സംവിധാനം നേടിയെടുക്കുന്നതിന് കർഷകരെ സഹായിക്കുക, ജൈവ ഉല്പന്നങ്ങൾ വിദേശ വിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ബോധവൽക്കരിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്നത്.<br><br>ജൈവ കാർഷിക മിഷൻ മുന്നോട്ട് വച്ചിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വ്യക്തമായ നിർവഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് പ്രാതിനിധ്യമുള്ള ഗവേണിംങ് കൗൺസിൽ, സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയ്ക്കു പുറമേ ജില്ല/ ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല കോർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ ജൈവകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന രൂപരേഖ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് സൃഷ്ടിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്ന് അറിയിക്കാമോ? | (ബി) | **കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുക. കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ഉദ്ദേശങ്ങളോടെയാണ് മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചിട്ടുള്ളത്.**<br><br>**മൂല്യവർദ്ധിത കാർഷിക മിഷന്റെ ഭാഗമായി കർഷകരുടെ ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് എഫ് .പി .ഒ കൾ, എഫ് .പി .സി കൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഏജൻസികൾക്ക് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വാർഷിക പദ്ധതികൾ വഴി മൂലധന സഹായം, യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായം എന്നിവ നൽകി വരുന്നു. കർഷകരുടെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഇക്കോ ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ എന്നിവ വഴി വിപണനം നടത്തുന്നതാണ്. കൂടാതെ കൃഷി വകുപ്പ് കേരളഗ്രോ എന്ന ബ്രാൻഡിംഗ് സംവിധാനം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തി കർഷകർക്ക് തങ്ങളുടെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഓൺലൈനായും കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ പോലെയുള്ള സ്റ്റോറുകൾ മുഖേനയും വിപണനം നടത്താൻ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവയെല്ലാം തന്നെ കർഷകർക്ക് വരുമാന വർദ്ധന ഉറപ്പാക്കുന്നു.**<br><br>**കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമാണ് ജൈവകാർഷിക മിഷൻ രൂപീകരിച്ചത്.**<br><br>**കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ ശിപാർശകൾ കണക്കിലെടുത്ത് വാർഡ് തല -** |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് തല ജൈവ ഉൽപ്പാദന പ്ലാനുകൾ തയ്യാറാക്കിയാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് (കർഷകരുടേയും കൃഷിയിടങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ) സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി പോഷക സമൃദ്ധി മിഷനുമായി സംയോജിപ്പിച്ച് കൊണ്ട് പോഷക പ്രാധാന്യമുള്ള പച്ചക്കറികൾ, ചെറുധാന്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ , പയർ വർഗ്ഗങ്ങൾ , പഴ വർഗ്ഗങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ കൃഷിക്കാരുടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കൃഷിക്കൂട്ടങ്ങളുടെ Safe to eat (സുരക്ഷിതം), Organic (ജൈവം) ഉല്പന്നങ്ങൾക്ക് സാക്ഷ്യപ്പെടുത്തൽ നൽകി "KERALAGRO" ബ്രാൻഡിൽ വിതരണം നടത്തുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ